**വൈദ്യുതി തെർമ്മൽ സർചാർജ്ജ് സംബന്ധിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷണർ എറണാകുളത്തുവെച്ച് ആഗസ്റ്റ് 4ന് നടത്തിയ തെളിവെടുപ്പിന്റെ റിപ്പോർട്ട്. സാമ്പത്തിക നഷ്ടം കുറയ്ക്കാൻ ഉപഭോക്താക്കളിൽ നിന്നും സർചാർജ്ജ് കൂടി പിരിച്ചെടുക്കണമെന്നാണ് കെ.എസ്.ഇ.ബി.യുടെ പക്ഷം. യാഥാർത്ഥ്യമെന്ത്?**

# തെളിവെടുപ്പിൽ തെളിഞ്ഞുനിന്നത്

കേരളീയം വാർത്താ ശൃംഖല

വൈദ്യുതി തെർമൽ സർചാർജ് ഏർപ്പെടുത്താനനുവദിക്കണമെന്നുള്ള കെ.എസ്.ഇ.ബിയുടെ ആവശ്യം പരിഗണിക്കാനായി ഇലക്ട്രിസിററി റെഗുലേറ്ററി കമ്മീഷൻ ആഗസ്റ്റ് 2 ന് തിരുവനന്തപുരത്തും 4 ന് എറണാകുളത്തും വെച്ച് നടത്തുകയുണ്ടായി. കേന്ദ്രവിഹിതം വെട്ടിക്കുറച്ചതും കാല വർഷം വൈകിയതും കാരണം കേരളം ഗുരുതരമായ വൈദ്യുതപ്രതിസന്ധി നേരിട്ടുവെന്നാണ് കെ.എസ്.ഇ.ബിയുടെ പക്ഷം. അതിനെ നേരിടാൻ ഇതിനുമുമ്പ് ഒരിക്കലുമില്ലാത്തവിധം വർഷക്കാലത്തുപോലും വൈകുന്നേരങ്ങളിൽ ലോഡ് ഷെഡ്ഡിംങ്ങും വ്യവസായങ്ങൾക്ക് കൂടുതൽ പവർകട്ടും ഏർപ്പെടുത്തിയതിന് പുറമെ സാമ്പത്തിക നഷ്ടം പരിഹരിക്കാൻ ഉപഭോക്താക്കളിൽ നിന്ന് അധിക സർചാർജ്ജ് പിരിക്കാനുമാണ് കെ.എസ്.ഇ.ബിയുടെ താൽപര്യം. എട്ട് മാസംകൊണ്ട് 1078 കോടി രൂപ സർചാർജ്ജായി പിരിച്ചെടുക്കുകയാണ് ലക്ഷ്യം. 40 യൂണിററിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കളുടെയും ചാർജ്ജ് ഇപ്പോഴത്തേതിന്റെ ഏതാണ്ട് ഒന്നര ഇരട്ടിയാകും.

ഇത്രയും വലിയ ഭാരം ഒരുമിച്ചടിച്ച് ഏല്പിക്കാനുള്ള നീക്കം പക്ഷെ എൽ.ഡി.എഫിന്റെയോ സർകാരിന്റെയോ പരിഗണനക്ക് വിഷയമായിട്ടില്ല. ഇതുവരെയും. പ്രതിപക്ഷവും മുഖ്യധാര പത്രങ്ങളും അതുകൊണ്ടുതന്നെ പൊതുസമൂഹവും ഇക്കാര്യം വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട് എന്നു തോന്നുന്നില്ല.

ആഗസ്ററ് 4 ന് എറണാകുളത്തു നടന്ന തെളിവെടുപ്പിൽ വൈ. എം.സി.എ ഹാൾ അക്ഷരാർത്ഥത്തിൽ നിറഞ്ഞു കിവിഞ്ഞിരുന്നു. ഏതാണ്ട് 150 പേരെ ഉൾക്കൊള്ളാവുന്ന ഹാളിൽ മുന്നൂറിലധികം പേർ തിങ്ങിനിറഞ്ഞു. ഹൈടെൻഷൻ-എക്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളായ വ്യവസായികളും അതിലെ തൊഴിലാളി സംഘടനകളുടെയും ചില വാണിജ്യസംഘടനകളുടെയും പ്രതിനിധികളുമായിരുന്നു പരിപാടികളിലധികവും. വിരലിലെണ്ണാവുന്ന ചില സന്നദ്ധപരിസ്ഥിതി സംഘടനാ പ്രവർത്തകരൊഴിച്ചാൽ ഗാർഹിക ഉപഭോക്താക്കളുടെയോ മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെയോ സാന്നിദ്ധ്യം ഇല്ലായിരുന്നുവെന്ന് പറയാം. പ്രശ്നത്തിന്റെ ഗൗരവം പൊതുസമൂഹം തിരിച്ചറിഞ്ഞിട്ടില്ലെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്.

2003 വൈദ്യുതി ആക്ട് (Electricity Act 2003) പ്രകാരം വർഷത്തിലൊരിക്കൽ മാത്രമാണ് താരിഫ് നിർണ്ണയം നടത്താനാവുക. ഇടക്കാലത്ത് വരുന്ന ലാഭനഷ്ടങ്ങളുടെ കണക്കുകൾ പരിഗണിച്ച് അടുത്ത വർഷത്തെ താരിഫ് നിർണ്ണയത്തിൽ മാറ്റം വരുത്താൻ മാത്രമേ നിയമം വ്യവസ്ഥ ചെയ്യുന്നുള്ളൂ. അതുകൊണ്ടുതന്നെ സർ ചാർജ്ജ് നിരക്ക് നിയമപരമായി നിലനിൽക്കുന്നതല്ല. അതിനുള്ള അപേക്ഷ കമ്മീഷന് (ERC) പരിഗണിക്കേണ്ട ബാധ്യതപോലുമില്ലെന്നും തെളിവെടുപ്പുതന്നെ അനാവശ്യമാണെന്നും പലരും ചൂണ്ടിക്കാണിച്ചു. (പക്ഷെ, കെ,. എസ്. ഇ. ബിയുടെ പ്രവർത്തനവൈകല്യങ്ങളെയും പാളിച്ചകളെയും വെളിച്ചത്തിൽ കൊണ്ടുവരാൻ തെളിവെടുപ്പു വേദിയെ വിവിധ സംഘടനാ പ്രതിനിധികൾ സമർത്ഥമായി ഉപയോഗിച്ചു.)

പവർകട്ട് ഏർപ്പെടുത്തിയും അധികോപയോഗത്തിന് അമിത ചാർജ്ജ് ഈടാക്കിയും വ്യവസായമേഖലക്ക് കെ.എസ്.ഇ.ബി ഇതിനകം തന്നെ 'ഷോക്ക്' നൽകിക്കഴിഞ്ഞു. ഇനിയും കൂടുതൽ ശിക്ഷ ഏറ്റുവാങ്ങാൻ ഈ മേഖലയ്ക്കാകില്ല. ഇത്തരത്തിലുള്ള തീരുമാനങ്ങൾ വ്യവസായമേഖലയെ തകർക്കും. ഊർദ്ധൻ വലിച്ചുകൊണ്ടിരിക്കുന്ന രോഗിക്ക് ഓക്സിജൻ നൽകുന്നത് തടയുന്ന ഡോക്ടറെപോലെയാണ് കെ. എസ്. ഇ. ബി പെരുമാറുന്നത്. (ഇക്കാര്യം ദൃശ്യവൽക്കരിച്ചുകൊണ്ടുള്ള ഒരു ടാബ്ലോ വൈ. എം. സി. എ ഹാളിനു മുന്നിൽ ഒരുക്കിയാണ് വ്യവസായികളുടെ സംഘടന പങ്കെടുക്കാനെത്തിയവരെ സ്വാഗതം ചെയ്തത്.) ഏറ്റെടുക്കുന്ന ഓർഡറുകൾ പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ ഉണ്ടാകുന്ന ഫലങ്ങൾ ദൂരവ്യാപകമാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. അടച്ചുപൂട്ടലല്ലാതെ മററു മാർഗ്ഗമില്ലെന്ന് പല വ്യവസായ സ്ഥാപനങ്ങളും പറഞ്ഞു. തൊഴിൽ മേഖലയ്ക്കുണ്ടാകുന്ന ആഘാതം വിവിധ തൊഴിലാളി നേതാക്കൾ ചൂണ്ടിക്കാട്ടി. സ്ഥാപനങ്ങൾ നിലനിന്നുപോകുന്നതിനായി വലിയ വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടാണ് പണിയെടുക്കുന്നതെന്ന് അവർ പറഞ്ഞു. താരതമ്യേന ഉയർന്ന സേവനവേതനവ്യവസ്ഥകൾ അർഹതയില്ലാതെ കൈപ്പറ്റുന്ന കെ. എസ്. ഇ. ബിക്കാർ നഷ്ടം കുറക്കാനുള്ള വഴികൾ സ്വീകരിക്കാതെ അത് മററുള്ളവരുടെ തലയിൽ കെട്ടിവ

യ്ക്കുന്നതിനെതിരെയും ശക്തമായ വിമർശനം ഉയർന്നു. വേറിട്ട ശബ്ദം കേട്ടത് തെളിവെടുപ്പിന്റെ അവസാന ഘട്ടത്തിൽ ചാലക്കുടി പുഴ സംരക്ഷണപ്രതിനിധികയിൽനിന്നുമാണ്. കെ. എസ്.ഇ.ബിയുടെ കണക്കുകൾ എക്കാലത്തും തെറ്റായിരുന്നുവെന്നും അത് തിരുത്തണമെന്നും കെ. എസ്. ഇ. ബി പ്രവർത്തനങ്ങൾ സുതാര്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രശ്നപരിഹാരത്തിനായുള്ള ബദൽനിർദ്ദേശങ്ങൾ അക്കമിട്ടു നിരത്തിയപ്പോൾ കൂടുതൽ വിശദമായ ചർച്ചകൾക്ക് കമ്മീഷൻ താല്പര്യം പ്രകടിപ്പിച്ചു.

പ്രശ്നപരിഹാരത്തിനായി യോഗത്തിൽ മുന്നോട്ടുവന്ന നിർദ്ദേശങ്ങൾ/ അഭിപ്രായങ്ങൾ/ വിമർശനങ്ങൾ:-

● നടപ്പുവർഷം മഴ വൈകിയെങ്കിലും മഴയുടെ കുറവ് നിർണ്ണയിക്കാനുള്ള സമയമായിട്ടില്ല. അതുകൊണ്ടുതന്നെ കെ. എസ്. ഇ. ബിയുടെ ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ല.

● കഴിഞ്ഞ വർഷം അധികം മഴ ലഭിക്കുകയും വേനൽക്കാലത്തും മഴ ലഭിക്കുകയും ചെയ്തപ്പോൾ കെ. എസ്. ഇ. ബി. വൈദ്യുതി വില്പന വഴി ലാഭം കൊയ്യുകയും അതു പങ്കുവെക്കുകയം ചെയ്തിട്ട് ഇപ്പോൾ നഷ്ടത്തിന്റെ ഭാരം ജനങ്ങൾ ഏറ്റെടുക്കണമെന്ന് പറയാൻ അവർക്ക് ധാർമ്മികമായ. അവകാശമില്ല.

● തെർമൽ നിലയങ്ങൾ കഴിഞ്ഞ കുറേ വർഷമായി പ്രാദേശികമായി ഉപയോഗപ്പെടുന്നില്ല. എങ്കിലും അവയെ നിലനിർത്താൻ വേണ്ടി മാത്രം വലിയ തുക നഷ്ടമുണ്ടായിട്ടും കെ. എസ്.ഇ.ബി ചിലവാക്കുന്നുണ്ട്. വികലമായ ആസൂത്രണത്തിന്റെ ദൃഷ്ടാന്തമാണിത്. 2004 മുതൽ ഈ ഇനത്തിൽ കെ. എസ്. ഇ. ബി 500 കോടി രൂപയോളം നഷ്ടപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തികസാധുത ഇല്ലാതെ പദ്ധതികൾ ഏറ്റെടുത്തു നടത്തിയതിന്റെ ഭാരം കെ.എസ്.ഇ.ബി ക്കുണ്ട്. എന്നിട്ടും അവർ പാഠം പഠിക്കുന്നില്ല. അതിരപ്പിള്ളിയും പാത്രക്കടവും പ്രശ്നങ്ങൾ പരിഹരിക്കാനല്ല ഭാരം വർധിപ്പിക്കാനാണ് വഴി തുറന്നിടുക. പലിശക്കുള്ള വകപോലും ഉണ്ടാക്കാനാത്ത പദ്ധതികളുമായി മുന്നോട്ടു പോകുന്നതിൽനിന്നും കമ്മീഷൻ കെ.എസ്.ഇ.ബിയെ തടഞ്ഞില്ലെങ്കിൽ ഭാവിയിൽ ഇതുപോലൊരു വേദിയിൽ അതിരപ്പിള്ളിയെയും പാത്രക്കടവിനെയും പറ്റി ചർച്ച ചെയ്യേണ്ടിവരും.

സർചാർജ്ജ് പറിക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ഇ.ബി ദ്യോഗസ്ഥരുടെയും തൊഴിലാളികളുടെയം സംഘടനാപ്രതിനിധികൾ വാദിച്ചു.

### അതിരപ്പിള്ളി സമരം

ജലവൈദ്യുതപദ്ധതിക്കെതിരായി ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറവും അതിരപ്പിള്ളി ആക്ഷൻ കൗൺസിലും നടത്തുന്ന സത്യാഗ്രഹം ആഗസ്റ്റ് 24ന് 6 മാസം പൂർത്തിയാവുകയാണ്. കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള വിവിധ ഹർജികൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇടതുമുന്നണി 500 മെഗാവാട്ട് അതിരപ്പിള്ളി പദ്ധതി നടപ്പാക്കി ഉണ്ടാക്കുമെന്ന് തീരുമാനമെടുത്തെങ്കിലും സി. പി. എം.ന് അടുത്തൊന്നും പദ്ധതി നടപ്പാക്കാനാവില്ലെന്ന് മനസ്സിലായിത്തുടങ്ങിയിരിക്കുന്നു.

സമരത്തെ കുറിച്ചുള്ള കൂടുതൽ വാർത്തകൾ അടുത്ത ലക്കത്തിൽ.

● റിപ്പോർട്ട്

## ഉത്തർപ്രദേശിൽ കോള ഫാക്ടറി അടച്ചുപൂട്ടി

യു.പി: നിരന്തരം മലിനീകരണം നടത്തുകയും അനധികൃതമായി ഭൂമി കൈവശം വയ്ക്കുകയും ചെയ്ത ബഹുരാഷ്ട്രകുത്തക കമ്പനിയായ കൊക്കകോളയുടെ ഉത്തർപ്രദേശിലുള്ള പ്ളാന്റ് അടച്ചുപൂട്ടി. കേരളത്തിൽ പ്ളാച്ചിമടയിൽ ജനകീയസമരത്തെത്തുടർന്ന് കോളകമ്പനി അടച്ചതിനുശേഷം ഇന്ത്യയിലെ കോളയുടെ രണ്ടാമത്തെ പ്ളാന്റാണ് ഇപ്പോൾ യു. പി യിൽ പൂട്ടിയിരിക്കുന്നത്.

യു.പിയിലെ ബല്ലിയാ ജില്ലയിലെ സിൻഹാചവാറിലെ ലഥനി ഗ്രൂപ്പ് നടത്തിവന്നിരുന്ന കൊക്കകോളയുടെ ബ്യ ന്ദാവൻ ബോട്ട്ലേഴ്സാണ് അടച്ചതെന്ന് ഇന്ത്യാ റിസോർസ് സെന്റർ വ്യക്തമാക്കി. താങ്ങാനാവാത്ത സാമ്പത്തിക നഷ്ടം മൂലമാണ് കമ്പനി അടച്ചതെന്നാണ് കമ്പനി അധികൃതർ പറയുന്നത്.

മലിനീകരണം നടത്തുന്ന കൊക്കകോള കമ്പനിക്കെതിരെ അവിടെ നേരത്തെ ജനകീയസമരം തുടങ്ങിയിരുന്നു. ഇന്ത്യാ റിസോർസ് സെന്ററിലെ പ്രശ്നപരിഹാരവിഭാഗം 2007 ജൂണിൽ കമ്പനിയുമായി ബന്ധപ്പെട്ടപ്പോൾ മലിനീകരണ നിയമത്തെ മറികടന്നുകൊണ്ട് കമ്പനി നടത്തുന്ന ഞെട്ടിക്കുന്ന വിവരങ്ങൾ കണ്ടെത്തുകയും ചെയ്തിരുന്നു. അതിനുശേഷം കമ്പനി ശരി യായ തോതിൽ പ്രവർത്തിച്ചിരുന്നില്ല.

കടുത്ത സാമ്പത്തിക നഷ്ടത്തെ തുടർന്ന് കമ്പനി അടച്ചിടുകയാണെന്ന് കാണിച്ച് ഉത്തർപ്രദേശ് മലിനീകരണ നിയന്ത്രണബോർഡിന് കോളകമ്പനി കത്ത് നൽകിയിരുന്നു.

കോളപ്ളാന്റ് പൂട്ടിയതിനെ സർപാഞ്ച് നഗരസഭാ മേധാവി ചിന്താദേവ് സ്വാഗതം ചെയ്തു. പ്രദേശം മാലിന്യകൂമ്പാരമാക്കിയതിന്റെ നഷ്ടം കോളകമ്പനിയിൽ നിന്ന് ഈടാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യയിൽ ശക്മായ സമരത്തിനെ തടുർന്ന് രണ്ടാമത്തെ കോളകമ്പനിയും പൂട്ടിയതോടെ ഈ രംഗത്ത് സമരം നടത്തന്നവർ ആവേശത്തിലാണ്. മററു സ്ഥലങ്ങളിലെയും കോളകമ്പനികളുടെ അവസ്ഥ ഇതായിരിക്കുമെന്നാണ് ഇവർ പറയുന്നത്.

### പ്ലാച്ചിമട – ചുള്ളിമട പദയാത്ര ആഗസ്റ്റ് 27 – 28ന്

കുത്തക കോളകൾ നഷ്ടപരിഹാരം നൽകി നാടുവിടുക എന്ന ആവശ്യവുമായി കൊക്കക്കോള വിരുദ്ധ സമരസമിതി പ്ലാച്ചിമട കൊക്കകോളയിൽ നിന്നും ചുള്ളിമട പെപ്സിയിലേയ്ക്ക് നയിക്കുന്ന സമര പ്രചരണയാത്ര

ബന്ധങ്ങൾക്ക്: വിളയോടി വേണുഗോപാൽ,9744851675